# മഹാത്മാഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298

2021 ഒക്ടോബർ 25

# വാർത്താക്കുറിപ്പ്

## പുതുക്കിയ പരീക്ഷ തീയതി

ഒക്ടോബർ 18, 20, 22 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ സി.ബി.സി.എസ്. (2020 അഡ്മിഷൻ റഗുലർ/ 2019, 2018, 2017 അഡ്മിഷൻ റീഅപ്പിയറൻസ്), ഒന്നാം സെമസ്റ്റർ ബി.എസ് സി. സൈബർ ഫോറൻസിക് (2020 അഡ്മിഷൻ റഗുലർ/ 2019 അഡ്മിഷൻ റീഅപ്പിയറൻസ് മാത്രം) ബിരുദ പരീക്ഷകൾ യഥാക്രമം നവംബർ ഒന്ന്, മൂന്ന്, അഞ്ച് തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 22 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന നാലാം സെമസ്റ്റർ ബി.വോക് (2019 അഡ്മിഷൻ റഗുലർ-പുതിയ സ്കീം) പരീക്ഷകൾ യഥാക്രമം നവംബർ ഒന്ന്, മൂന്ന്, അഞ്ച് തീയതികളിൽ നടക്കും.

ഒക്ടോബർ 20, 22 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ എം.ആർക് (2019 അഡ്മിഷൻ) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 29, നവംബർ ഒന്ന് തീയതികളിൽ നടക്കും.

അഫിലിയേറ്റഡ് കോളേജുകളിലും സീപാസിലും ഒക്ടോബർ 20, 22 തീയതികളിൽ നടത്താനിരുന്ന ഒന്നാം സെമസ്റ്റർ ബി.എഡ്. (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2020 അഡ്മിഷൻ റഗുലർ/ സപ്ലിമെന്ററി - ദ്വിവത്സരം) പരീക്ഷകൾ യഥാക്രമം നവംബർ മൂന്ന്, അഞ്ച് തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 22 തീയതികളിൽ നടത്താനിരുന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.എസ് സി. നഴ്സിംഗ് (2016 അഡ്മിഷൻ മുതൽ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം നവംബർ 17, 19, 22 തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 21, 22 തീയതികളിൽ നടത്താനിരുന്ന ഒന്നുമുതൽ നാലുവരെ വർഷ ബി.ഫാം (2016 അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം നവംബർ എട്ട്, ഒൻപത്, 10, 11 തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 21, 22 തീയതികളിൽ നടത്താനിരുന്ന ഒന്നുമുതൽ നാലുവരെ വർഷ ബി.ഫാം (2016ന് മുമ്പുള്ള അഡ്മിഷൻ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം നവംബർ 12, 15, 16, 17 തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 22 തീയതികളിൽ നടത്താനിരുന്ന നാലാം സെമസ്റ്റർ എം.എച്ച്.ആർ.എം. (പുതിയ സ്കീം - 2019 അഡ്മിഷൻ റഗുലർ/2018 അഡ്മിഷൻ സപ്ലിമെന്ററി), (പഴയ സ്കീം - 2016, 2017 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 29, നവംബർ ഒന്ന്, മൂന്ന് തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 21 തീയതികളിൽ നടത്താനിരുന്ന ഒന്ന്, രണ്ട്, മൂന്ന് വർഷ ബി.പി.ടി. (2008 അഡ്മിഷൻ മുതൽ) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ഒക്ടോബർ 29, നവംബർ ഒന്ന്, മൂന്ന് തീയതികളിൽ നടക്കും.

ഒക്ടോബർ 22ന് നടത്താനിരുന്ന ഒന്നും രണ്ടും സെമസ്റ്റർ പുതിയ സ്കീം - 2010 അഡ്മിഷൻ മുതൽ സപ്ലിമെന്ററി/ മേഴ്സി ചാൻസ് ബി.ടെക്, ഒക്ടോബർ 2021 പരീക്ഷ നവംബർ 12ന് നടക്കും.

ഒക്ടോബർ 18, 20, 21, 22 തീയതികളിൽ നടത്താനിരുന്ന മൂന്നാം സെമസ്റ്റർ എം.ബി.എ. (2019 അഡ്മിഷൻ റഗുലർ) പരീക്ഷകൾ യഥാക്രമം നവംബർ 11, 12, 15, 16 തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 22 തീയതികളിൽ നടത്താനിരുന്ന ഒന്നും രണ്ടും സെമസ്റ്റർ എം.എ./ എം.എസ് സി./ എം.കോം. (പ്രൈവറ്റ് രജിസ്ട്രേഷൻ 2018, 2017, 2016, 2015 അഡ്മിഷൻ സപ്ലിമെന്ററി/ 2014 അഡ്മിഷൻ മേഴ്സി ചാൻസ്) 2004-2011 അഡ്മിഷൻ (നോൺ സി.എസ്.എസ്.) റഗുലർ (കോളേജ് സ്റ്റഡി) അദാലത്ത് - സ്പെഷൽ മേഴ്സി ചാൻസ് 2018) പരീക്ഷകൾ യഥാക്രമം നവംബർ ഒന്ന്, മൂന്ന്, അഞ്ച് തീയതികളിൽ നടക്കും.

ഒക്ടോബർ 18, 20, 22 തീയതികളിൽ നടത്താനിരുന്ന മൂന്നും നാലും സെമസ്റ്റർ ബി.എ./ ബി.കോം. (സി.ബി.സി.എസ്.എസ്. 2017ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി, 2012, 2013 അഡ്മിഷൻ മേഴ്സി ചാൻസ് - പ്രൈവറ്റ് രജിസ്ട്രേഷൻ) പരീക്ഷകൾ യഥാക്രമം ഒക്ടോബർ 27, 29, നവംബർ ഒന്ന് തീയതികളിൽ നടക്കും.

പരീക്ഷ സമയത്തിനും കേന്ദ്രത്തിനും മാറ്റമില്ല.

(പി.ആർ.ഒ/39/1173/2021)

## സ്പോട് അഡ്മിഷൻ

മഹാത്മാഗാന്ധി സർവകലാശാല ഡോ. കെ.എൻ. രാജ് സെന്റർ ഫോർ പ്ലാനിംഗ് ആന്റ് സെന്റർ സ്റ്റേറ്റ് ഫൈനാൻഷ്യൽ റിലേഷൻസിൽ എം.എ. ഇക്കണോമിക്സ് പ്രോഗ്രാമിൽ എസ്.ടി. വിഭാഗത്തിനായി ഒഴിവുള്ള സീറ്റിലേയ്ക്ക് സ്പോട് അഡ്മിഷനുള്ള ഇന്റർവ്യൂ ഒക്ടോബർ 29ന് രാവിലെ 10ന് നടക്കും. താല്പര്യമുള്ളവർ യോഗ്യത തെളിയിക്കുന്ന അസൽ രേഖകളുമായി പഠനവകുപ്പ് ഡയറക്ടറുടെ ഓഫീസിൽ എത്തണം. വിശദവിവരത്തിന് ഫോൺ: 9895853210.

(പി.ആർ.ഒ/39/1174/2021)

## പരീക്ഷഫലം

2021 മാർച്ചിൽ നടന്ന അവസാന വർഷ ബാച്ചിലർ ഓഫ് ഫൈൻ ആർട്സ് പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1175/2021)

2021 ഓഗസ്റ്റിൽ സ്കൂൾ ഓഫ് എൻവയൺമെന്റൽ സയൻസസിൽ നടന്ന 2019-2021 ബാച്ച് മൂന്നാം സെമസ്റ്റർ എം.എസ് സി. എൻവയൺമെന്റ് സയൻസ് ആന്റ് മാനേജ്മെന്റ് (റഗുലർ, സപ്ലിമെന്ററി), എം.എസ് സി. എൻവയൺമെന്റ് സയൻസ് ആന്റ് ഡിസാസ്റ്റർ മാനേജ്മെന്റ് (റഗുലർ) സി.എസ്.എസ്. പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു.

(പി.ആർ.ഒ/39/1176/2021)

2020 നവംബറിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എസ് സി. അപ്ലൈഡ് മൈക്രോ ബയോളജി റഗുലർ, ഇംപ്രൂവ് മെന്റ്, സപ്ലിമെന്ററി പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും നവംബർ അഞ്ചുവരെ ഓൺലൈനായി അപേക്ഷിക്കാം.

(പി.ആർ.ഒ/39/1177/2021)

## സൗജന്യ പരിശീലനം

മാനവിക വിഷയങ്ങൾക്കായുള്ള യു.ജി.സി.-നെറ്റ്/ജെ.ആർ.എഫ്. പരീക്ഷയുടെ ജനറൽ പേപ്പറിനുവേണ്ടിയുള്ള സൗജന്യ പരിശീലനം മഹാത്മാഗാന്ധി സർവകലാശാല എംപ്ലോയ്മെന്റ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ബ്യൂറോയുടെ ആഭിമുഖ്യത്തിൽ ആരംഭിക്കുന്നു. ആദ്യം രജിസ്റ്റർ ചെയ്യുന്ന 30 പേർക്കാണ് അവസരം. വിശദവിവരത്തിന് ഫോൺ: 0481-2731025.

(പി.ആർ.ഒ/39/1178/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ